26886
16/12/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- വനം വകുപ്പിൽ ഇടുക്കി ജില്ലയിൽ മൂന്നാർ ഡിവിഷനിൽ ക്ലാർക്കായി ജോലി നോക്കുന്ന ശ്രീമതി. സിനി. കെ. വി-ക്ക് അന്തർജില്ലാ സ്ഥലംമാറ്റ വ്യവസ്ഥയിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

**സ. ഉ. (കൈ) നം./53/2017/വനം** തീയതി,തിരുവനന്തപുരം, 13/12/2017

പരാമർശം:- 1. സ.ഉ (പി) നം.36/91/പി& എആർഡി തീയതി:2/12/1991.
2. ശ്രീമതി.സിനി.കെ.വി-യുടെ 12/04/2017-ലെ അപേക്ഷ.
3. ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 26/07/2017-ലെ ഇ3-28512/17 നമ്പർ കത്ത്.
4. എറണാകുളം ജില്ലാ കളക്ടറുടെ 19/09/2017-ലെ ഇ3-7048/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന വികലാംഗ ക്വാട്ടയിൽ 01/10/2016-ന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സിനി.കെ.വി-യുടെ 9 വയസ്സുള്ള മകൾ ADHD (Attention Hyper Activity Disease with History of Epilepsy ) എന്ന അസുഖത്തിന് എറണാകുളം ജില്ലയിലെ മലയാറ്റൂരിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണെന്നും,കൂടാതെ ടിയാളുടെ മാതാവും രോഗി ആണെന്നും, ആയതിനാൽ കുട്ടിയുടെ ചികിത്സ സംബന്ധിച്ച് മാതാവിന്റെ സാമീപ്യം ആവശ്യമുള്ളതിനാൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി.സിനി.കെ.വി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, ഇതൊരു പ്രത്യേകകേസായി പരിഗണിച്ച് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.നിലവിലുള്ള നിയമപ്രകാരം ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5 വർഷം സേവനം പൂർത്തീകരിച്ചെങ്കിൽ മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാനാവൂ. എന്നാൽ പരാമർശം ഒന്നിലെ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം തികച്ചും അനിവാര്യമായ അടിയന്തര സാഹചര്യത്തിൽ ,സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജില്ലയിലെ ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ,മന്ത്രിസഭയുടെ അംഗീകാരത്തോടെ ,ജോലിയിൽ പ്രവേശിച്ച ജില്ലയിൽ അഞ്ച് വർഷം സേവനം പൂർത്തീകരിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ ഇളവനുവദിച്ച് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്.

3).അപേക്ഷക ഇടുക്കി. സ്വദേശിയാണ്.ടിയാളുടെ മകളുടെ ചികിത്സക്കാണ് നിലവിൽ എറണാകുളം ജില്ലയിൽ മലയാറ്റൂരിൽ വാടകക്ക് താമസിക്കുന്നത്. അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ വാസ്തവമാണെന്നും,അപേക്ഷയുടെ ആവശ്യം തികച്ചും ന്യായമാണെന്നും മാനുഷിക പരിഗണനയർഹിക്കുന്ന ഒരു കേസാണെന്നും എറണാകുളം ജില്ലാ കളക്ടർ ബന്ധപ്പെട്ട തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർ മുഖാന്തരം അന്വേഷണം നടത്തി പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.അപേക്ഷക വികലാംഗയും, മയോപ്പിയ രോഗിയുമാണ്. ആയതിനാൽ അപേക്ഷകയുടെ ആവശ്യം ന്യായവും മാനുഷിക

പരിഗണനയർഹിക്കുന്നതുമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു.

4). മേൽ സാഹചര്യത്തിൽ ശ്രീമതി.സിനി.കെ.വിയുടെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേക സാഹചര്യം പരിഗണിച്ചും, ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വനം വകുപ്പിൽ ഇടുക്കി ജില്ലയിൽ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ക്ലാർക്കായി ജോലി നോക്കുന്ന ശ്രീമതി.സിനി.കെ.വി-ക്ക് അന്തർജില്ലാ സ്ഥലംമാറ്റത്തിന് ആദ്യനിയമനം ലഭിച്ച ജില്ലയിൽ 5 വർഷത്തെ സേവനം വേണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകിയും, പരാമർശം ഒന്നിലെ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും ,മാനുഷിക പരിഗണന നൽകി,ഒരു പ്രത്യേക കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5). എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽക്ക് മാത്രമേ ശ്രീമതി.സിനി.കെ.വി-ക്ക് ക്ലാർക്ക് തസ്തികയിൽ സീനിയോരിറ്റിക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഇക്കാര്യം നിയമനാധികാരി ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഉപമുഖ്യവനപാലകൻ (ഭരണം),തിരുവനന്തപുരം.
ശ്രീമതി.സിനി.കെ.വി,ക്ലാർക്ക്,മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, ദേവികുളം.
(ഉപമുഖ്യവനപാലകൻ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ,എറണാകുളം.
പൊതുഭരണ (എസ്.സി) വകുപ്പ്. ഇനം. നമ്പർ. 1713, തീയതി:06/12/2017.
ഡയറക്ടർ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.(വെബ്ബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

Safeum

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 180/എഫ്2/2017/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ ഇടുക്കി ജില്ലയിൽ മൂന്നാർ ഡിവിഷനിൽ ക്ലാർക്ക് ആയി ജോലി നോക്കുന്ന ശ്രീമതി.സിനി.കെ. വിക്ക് അന്തർ ജില്ലാ സ്ഥലം മാറ്റ വ്യവസ്ഥയിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/10/17 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഇല്ല<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.സാജു പീറ്റർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ജെയിംസ് വർഗ്ഗീസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/11/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ..കെ.എം.എബ്രഹാം |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/11/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29/11/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05/12/2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ ഇടുക്കി ജില്ലയിൽ മൂന്നാർ ഡിവിഷനിൽ ക്ലാർക്ക് ആയി ജോലി നോക്കുന്ന ശ്രീമതി.സിനി.കെ.വിക്ക് അന്തർ ജില്ലാ സ്ഥലം മാറ്റ വ്യവസ്ഥയിൽ ഇളവ് നൽകി എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകണമെന്ന ആവശ്യമാണ് ഈ കുറിപ്പിലെ വിഷയം.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന വികലാംഗ ക്വാട്ടയിൽ 01/10/2016 നാണ് ശ്രീമതി.സിനി.കെ.വി മൂന്നാർ ഡിവിഷനിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത്. നിലവിൽ ടിയാൾക്ക് ഇടുക്കി ജില്ലയിൽ ഒരു വർഷത്തെ സേവനം മാത്രമാണുള്ളത്. എന്നാൽ ശ്രീമതി.സിനിയുടെ 9 വയസ്സുള്ള മകൾ ADHD (Attention Deficit Hyper Activity Disease with History of Epilepsy) എന്ന അസുഖത്തിന് എറണാകുളം ജില്ലയിലെ മലയാറ്റൂരിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലാണെന്നും, കൂടാതെ ടിയാളുടെ മാതാവും രോഗിയാണെന്നും ആയതിനാൽ കുട്ടിയുടെ ചികിൽസ സംബന്ധിച്ച് മാതാവിന്റെ സാമീപ്യം ആവശ്യമുള്ളതിനാൽ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്നും ശ്രീമതി.സിനി.കെ.വി ആവശ്യപ്പെട്ടിരുന്നു. അപേക്ഷകയും വികലാംഗയും, മയോപ്പിയ രോഗിയുമാണ്. ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്.

3. നിലവിലുള്ള നിയമപ്രകാരം ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5 വർഷം സേവനം പൂർത്തീകരിച്ചെങ്കിൽ മാത്രമേ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാനാവൂ. എന്നാൽ 2/12/1991 ലെ സർക്കാർ ഉത്തരവ്(പി) നം. 36/91/പി&എആർഡി ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം തികച്ചും അനിവാര്യമായ അടിയന്തിര സാഹചര്യത്തിൽ, സ്ഥലം മാറ്റം ആവശ്യപ്പെടുന്ന ജില്ലയിലെ ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മന്ത്രിസഭയുടെ അംഗീകാരത്തോടെ, ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5

വർഷം സേവനം പൂർത്തീകരിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ ഇളവനുവദിച്ച് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്.

4. അപേക്ഷക ഇടുക്കി സ്വദേശിയാണ്. ടിയാളുടെ മകളുടെ ചികിൽസക്കായാണ് ഇപ്പോൾ എറണാകുളം ജില്ലയിൽ മലയാറ്റൂരിൽ വാടകയ്ക്ക് താമസിക്കുന്നത്. അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ വാസ്തവമാണെന്ന് എറണാകുളം ജില്ലാ കളക്ടർ ബന്ധപ്പെട്ട തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ അപേക്ഷകയുടെ ആവശ്യം തികച്ചും ന്യായമാണെന്നും, ഇത് മാനുഷിക പരിഗണനയർഹിക്കുന്ന ഒരു കേസാണെന്നും കാണാവുന്നതാണ്.

5. ഈ വിഷയം മന്ത്രിസഭാ മുമ്പാകെ സമർപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വനം വകുപ്പിൽ ഇടുക്കി ജില്ലയിൽ മൂന്നാർ ഡിവിഷനിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.സിനി.കെ.വി-ക്ക്, അന്തർജില്ലാ സ്ഥലം മാറ്റത്തിന് ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിക്കണമെന്ന 02/12/1991 ലെ ജി.ഒ (പി) നം.36/91/പി&എആർഡി നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനയിൽ ഇളവ് വരുത്തി, ടി ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, മാനുഷിക പരിഗണന നൽകിയും ഒരു പ്രത്യേക കേസായി പരിഗണിച്ചും എറണാകുളം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കാമോ;

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-12-2017

ഫയൽ നം.180/എഫ്2/2017/വനം ഇനം നം: 1713

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ ഇടുക്കി ജില്ലയിൽ മൂന്നാർ ഡിവിഷനിൽ ക്ലാർക്കായി ജോലി നോക്കുന്ന ശ്രീമതി സിനി കെ.വി.-ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റ വ്യവസ്ഥയിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

7/12/17